**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2732** **03-08-2021 - ൽ മറുപടിയ്ക്ക്**

**കോലിഞ്ചി കർഷകർക്ക് സബ്സിഡി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ | | **Shri. P. Prasad**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ കോലിഞ്ചി കർഷകർക്ക് സബ്സിഡി ലഭ്യമാക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | കോലിഞ്ചി കർഷകരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29/07/2020 ന് യോഗം ചേരുകയും സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ് ബോർഡ് നൽകുന്ന സബ്സിഡി കോലിഞ്ചി കർഷകർക്ക് കൂടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് തീരുമാനമെടുക്കുകയും ചെയ്യുകയുണ്ടായി. അതിന്റെ ഭാഗമായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരം ദേശീയ ഔഷധസസ്യ ബോർഡിന്റെ 2015-16, 2016-17 വാർഷിക കർമ്മപദ്ധതി വിഹിതം ഉപയോഗിച്ച് 2020-21 സാമ്പത്തിക വർഷത്തിൽ പത്തനംതിട്ട ജില്ലയിൽ 204.97 ഹെക്ടർ സ്ഥലത്തെ കോലിഞ്ചി കൃഷിക്കായി 43,85,361/- രൂപ (നാൽപ്പത്തിമൂന്ന് ലക്ഷത്തി എൺപത്തിഅയ്യായിരത്തി മുന്നൂറ്റി അറുപത്തിയൊന്ന് രൂപ) അനുവദിച്ചും നൽകിയിട്ടുണ്ട്. റാന്നി, കോന്നി, പത്തനംതിട്ട, അടൂർ ബ്ലോക്കുകളിൽപ്പെട്ട 1298 കോലിഞ്ചി കർഷകർക്കാണ് സബ്സിഡി ആനുകൂല്യം ലഭ്യമാക്കിയത്. കൃഷിഭവൻ തലത്തിൽ നൽകിയ ആനുകൂല്യങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു. ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുന്നതിനും, കോലിഞ്ചി മൂല്യവർദ്ധിത ഉത്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനും അതുവഴി കർഷകർക്ക് നല്ല വില ലഭിയ്ക്കുന്നതിനും വേണ്ട സാഹചര്യങ്ങൾ ഒരുക്കുന്നതിനും, കർഷക കൂട്ടായ്മകൾ സംഘടിപ്പിക്കുന്നതിനുമായി കോലിഞ്ചി കർഷകരുടെ കൺസോർഷ്യം ചിറ്റാർ ആസ്ഥാനമായി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

| ക്രമ നമ്പർ | ബ്ലോക്ക് | കൃഷിഭവൻ | വിസ്തൃതി (ഹെ) | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|---|---|
| 1 | റാന്നി | വടശ്ശേരിക്കര | 1 | 22 | 21,442/- |
| | | പെരുനാട് | 1 | 5 | 21,442/- |
| | | സീതത്തോട് | 6 | 23 | 1,28,655/- |
| | | ചിറ്റാർ | 30.2 | 322 | 6,47,560/- |
| 2 | കോന്നി | തണ്ണിത്തോട് | 159 | 844 | 34,09,343/- |
| | | അരുവാപ്പലം | 4.97 | 72 | 96,881/- |
| 3 | പത്തനംതിട്ട | കോഴഞ്ചേരി | 0.8 | 1 | 17,154/- |
| | | നാരങ്ങാനം | 1 | 6 | 21,442/- |
| 4 | അടൂർ | കലത്തൂർ | 1 | 3 | 21,442/- |